## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3928 — 27.06.2012 ൽ മറുപടിക്ക്

### ഒളവണ്ണ സി.എച്ച്.സി, കുന്ദമംഗലം പി.എച്ച്.സി. എന്നിവിടങ്ങളിലെ കിടത്തി ചികിത്സാസൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ ഒളവണ്ണ സി.എച്ച്.സി, കുന്ദമംഗലം പി.എച്ച്.സി. എന്നിവിടങ്ങളിൽ മുൻപ് കിടത്തി ചികിത്സാ സൗകര്യം ഉണ്ടായിരുന്നുവോ ; വ്യക്തമാക്കാമോ ; | (എ) ഉണ്ടായിരുന്നു. അടിസ്ഥാനസൗകര്യങ്ങളില്ലെങ്കിലും ആ സമയത്തെ ഡോക്ടർമാർ സ്വന്തം റിസ്കിൽ കിടത്തി ചികിത്സിച്ചിരുന്നു. |
| (ബി) ഈ സൗകര്യം പുനരാരംഭിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആശുപത്രി വികസന സമിതികളും തീരുമാനിച്ചിരുന്നുവോ ; | (ബി) തീരുമാനിച്ചിരുന്നു. |
| (സി) ഇങ്ങനെ തീരുമാനിച്ച ശേഷം അവിടെയുണ്ടായിരുന്ന നഴ്സുമാരെ പിൻവലിച്ചിട്ടുണ്ടോ ; | (സി) ഉണ്ട് |
| (ഡി) ആയതിനുള്ള കാരണം വ്യക്തമാക്കാമോ ; | (ഡി) 28/1/12 ലെ സ.ഉ.(എം.എസ്) നം. 25/12/ ആ.കു.വ പ്രകാരം കിടത്തി ചികിത്സ പ്രവർത്തിക്കാത്ത ആരോഗ്യസ്ഥാപനങ്ങളിലെ ഒന്നിൽ അധികം ഉള്ള നഴ്സുമാരെ ആവശ്യമുള്ള മറ്റ് സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കാൻ ഉത്തരവായിരുന്നു. |
| (ഇ) പ്രസ്തുത ഇടങ്ങളിൽ കിടത്തി ചികിത്സ പുനരാരംഭിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ? | (ഇ) ജീവനക്കാരുടെ കുറവ്, അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം എന്നിവ കിടത്തി ചികിത്സ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. കൂടാതെ ജലദൗർലഭ്യവും പ്രധാന പ്രശ്നമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ കിടത്തിചികിത്സ പുനരാരംഭിക്കാവുന്നതാണ്. |

B V Kumar

സെക്ഷൻ ഓഫീസർ